'By Registered post'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

നം.റൂൾസ്.ബി1/3/2020-ധന (E 1434588)

ധനകാര്യ (റൂൾസ് -ബി) വകുപ്പ്,
തിരുവനന്തപുരം
തീയതി: 01.02.2020

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ശ്രീ. ഷൈൻ കുമാർ ആർ. സി.,
കലാലയം,
പെരുമൺ പി.ഒ., ആറാലുംമൂട്,
കൊല്ലം.

സർ,

വിഷയം: പാർട്ട് ടൈം ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നത് - സംബ.

സൂചന: താങ്കൾ 25.10.2019-ന് ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ചുവടെ ചേർക്കും പ്രകാരം അറിയിക്കുന്നു:

'25.03.2006-ലെ സ.ഉ.(പി) നം.145/2006/ധന നമ്പർ ഉത്തരവിലെ ഖണ്ഡിക 7 (3), (4) എന്നിവയിലാണ് പാർട്ട് ടൈം ജീവനക്കാർക്ക് ആർജ്ജിതാവധി • അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളത്. ഖണ്ഡിക 7 (3) പ്രകാരം ടി ജീവനക്കാർക്ക് ഡ്യൂട്ടിയിൽ ചിലവഴിച്ച കാലയളവിന് 1/22 എന്ന നിരക്കിൽ ഒരു വർഷത്തിൽ പരമാവധി 15 ദിവസത്തെ ആർജ്ജിതാവധിക്കാണ് അർഹതയുള്ളത്. ടി ഉത്തരവിലെ ഖണ്ഡിക 34 പ്രകാരം എല്ലാ വിഭാഗം ജീവനക്കാർക്കും ഒരു സാമ്പത്തിക വർഷത്തിൽ സറണ്ടർ ചെയ്യാവുന്ന ആർജ്ജിതാവധിയുടെ എണ്ണം 20-ൽ നിന്ന് 30 ആയി ഉയർത്തിയ സാഹചര്യത്തിൽ പാർട്ട് ടൈം ജീവനക്കാർക്കും, അവർ ആർജ്ജിച്ച അവധി അവരുടെ ക്രെഡിറ്റിൽ ഉള്ള പക്ഷം 30 ആർജ്ജിതാവധി സറണ്ടർ ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്നതാണ്.'

വിശ്വസ്തതയോടെ,

ശോഭ ആർ,
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

പുറപ്പെടുവിക്കാൻ അധികാരപ്പെടുത്തിയത്

സെക്ഷൻ ഓഫീസർ